## യോഹന്നാൻ 1, 29-34 ദൈവത്തിന്റെ കുഞ്ഞാട്

### 1. എപ്രകാരം ക്രിസ്തു ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന കുഞ്ഞാടാകുന്നു

യേശു ദൈവപുത്രനാണെന്ന് ലോകത്തിനു വെളിപ്പെടുത്തുക എന്ന ദിവ്യദൗത്യമാണ് യോഹന്നാൻ നിർവഹിക്കേിയിരുന്നത്. ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കേ സത്യമാണ് രക്ഷകനായ ക്രിസ്തു. ക്രിസ്തു ലോകത്തെ വീടെടുത്തത് ലോകത്തിന്റെ പാപങ്ങൾ നീക്കിക്കൊാണ്. എപ്രകാരമാണ് ക്രിസ്തു ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാകുന്നത്. ര് പഴയനിയമ പശ്ചാത്തലങ്ങൾ ഇതിനു്. ഈജിപ്തിൽനിന്ന് ഇസ്രായേൽ ജനത്തെ ദൈവം രക്ഷിക്കുന്നത് ഊനമറ്റ കുഞ്ഞാടിന്റെ രക്തത്തിലൂടെയാണ്. കുഞ്ഞാടിന്റെ രക്തം വാതിൽപടികളിൽ അവർ തളിച്ചു. രക്തം ക ഭവനങ്ങളിലെ ആദ്യജാതരെ വധിക്കാതെ കർത്താവിന്റെ ദൂതൻ കടന്നുപോയി. ഈ കടന്നു പോകലിലൂടെയാണ് ഇസ്രായേൽ ജനത്തിന് ഈജിപ്തിൽ നിന്ന് രക്ഷ ലഭിക്കുന്നത്. (പുറ 12) ഇതിൽ രക്തം ചിന്തലു്. ലേവ്യരുടെ പുസ്തകം 4-ാം അദ്ധ്യായത്തിൽ പാപപരിഹാരബലിയർപ്പിക്കേതെങ്ങനെയെന്ന ദൈവമായ കർത്താവ് മോശയോടരുളിച്ചെയ്യുന്നു്. ഇവിടെ ഊനമറ്റ കാളക്കുട്ടിയുടെ രക്തം കർത്താവിന്റെ ബലിപീഠത്തിൻ തളിച്ചുകൊാണ് പ്രധാനപുരോഹിതൻ പാപരിഹാരബിയർപ്പിക്കുകയും അങ്ങനെയവരെ പാപത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്യുന്നത്. ഇവിടെയും രക്തം ചിന്തലിലൂടെയാണ് പാപമോചനം നടക്കുന്നത്. ഈ ര് സംഭവങ്ങളുടെ പശ്ചാത്തലത്തിൽ നാം യോഹന്നാന്റെ പ്രസ്താവനയെ വിലയിരുത്തുമ്പോൾ നമ്മുക്ക് മനസ്സിലാകും കുരിശിൽ ദൈവത്തിന്റെ ഏകപുത്രനായ ക്രിസ്തു ചിന്താനിരുന്ന നിഷ്കളങ്ക രക്തത്തിലൂടെയാണ് ലോകം രക്ഷപെടുന്നത്. പഴയനിയമകാലത്ത് പാപമോചനം നേടിയിരുന്നത് കുഞ്ഞാടിന്റെ രക്തത്തിലൂടെയാണെങ്കിൽ നിത്യമായി ലോകത്തിന്റെ പാപങ്ങൾ നീക്കുന്നത് പുതിയനിയമത്തിലെ ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തുവിന്റെ രക്തത്തിലൂടെയാണ്. ക്രിസ്തു തന്റെ രക്തത്തിലൂടെ ലോകത്തെ മുഴുവൻ വീടെടുത്തെങ്കിലും മനുഷ്യന് ഇന്നും പാപത്തോട് പോസറ്റീവായി പ്രതികരിക്കുന്ന സ്വഭാവമു്. അതിനാൽ ഇന്നിന്റെ ലോകത്ത് ക്രിസ്തു ലോകത്തിന്റെ പാപങ്ങൾ നീക്കുന്നത് പ്രധാനമായും ര് കൂദാശകളിലൂടെയാണ്.........

### 2. ഇന്ന് ഈശോ പാപങ്ങൾ നീക്കുന്നത് എപ്രകാരമാണ്

#### 1. കുമ്പസാരത്തിലൂടെ

പാപത്തിൽ നിന്നും നമ്മെ രക്ഷിക്കുവാനാണ് ക്രിസ്തു വന്നത്. പാപമാണ് ദൈവത്തിന്റെ സ്നേഹം സ്വീകരിക്കുന്നതിന് നമ്മുക്ക് തടസ്സമായി നിൽക്കുന്നത്. പ്രകാശത്തിൽ നിന്നും നമ്മെ വേർപെടുത്തി മരണവിധേയരാക്കുന്നതും പാപമാണ്. അതിനാൽ ക്രിസ്തുവിന് നമ്മെ രക്ഷിക്കാൻ സാധിക്കണമെങ്കിൽ പാപം നമ്മിൽ നിന്നകലണം. അതിനുള്ള വേദിയാണ് കുമ്പസാരക്കൂട്. കുമ്പസാരക്കൂടിനെ ജീവിതത്തിൽ നിന്നും അകറ്റിനിർത്തുമ്പോൾ നാം തിരിച്ചറിയണം ഞാൻ അകലുന്നത് ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെയാണ് നാം അകറ്റി നിർത്തുന്നത് അഥവാ രക്ഷക്കുള്ള വലിയ സാധ്യത നാം വേണ്ടെന്ന് വയ്ക്കുന്നുവെന്ന്.

#### 2. വി. കുർബാനയിലൂടെ

നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു ജീവനുായിരിക്കുകയില്ല (യോഹ 6, 53). കാൽവരിയിൽ ക്രിസ്തു നടത്തിയ അതേ ബലിയർപ്പണമാണ് ഓരോ വിശുദ്ധകുർബാനയിലും അരങ്ങേറുന്നത്. കാൽവരിയിലെ ജീവാർപ്പണംവഴി ക്രിസ്തു ലോകത്തിന്റെ പാപങ്ങൾ നീക്കിയെങ്കിൽ അതിന്റെ തനിയാവർത്തനമായ വിശുദ്ധ കുർബാനയിലൂടെ ക്രിസ്തു ചെയ്യുന്നതും ലോകത്തിന്റെ വീടുപ്പാണ്. അതിനാൽ വി. കുർബാനയെ അവഗണിക്കുന്നവരും അവരുടെ തന്നെ ശിക്ഷാവിധിയാണ് വലിച്ചുവയ്ക്കുന്നത്. അതിനാൽ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ ഈ കൂദാശകളിൽ തിരിച്ചറിയന്നവരാകട്ടെ നാം..........

**ഫാ. ജോസഫ് കോയിക്കൽ**